**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 413** **28-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതുകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ ആകെ പൊതുകടം എത്രയാണെന്ന് വ്യക്തമാക്കുമോ; കേന്ദ്ര സർക്കാർ ഗ്യാരണ്ടി നൽകി കിഫ്ബി മുഖേന എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാനത്തിന്റെ പൊതു കടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേന എടുത്തിട്ടുള്ള വായ്പകൾ പൊതു കടത്തിന്റെ ഭാഗമാണോയെന്ന് വ്യക്തമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താത്ക്കാലിക കണക്കുകൾ പ്രകാരം 2022 മാർച്ച് 31 ലെ സംസ്ഥാനത്തിന്റെ പൊതുകടം 2,19,974.55 കോടി രൂപയാണ്. സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ KIIFB, KSSPL തുടങ്ങിയവ സ്വന്തം നിലയ്ക്ക് ബജറ്റിന് പുറത്ത് എടുത്തിട്ടുള്ള വായ്പകൾ പൊതുകടത്തിന്റെ ഭാഗമല്ല. |
| (ബി) | കിഫ്ബി, കെ.എസ്.എസ്.പി. എന്നിവ മുഖേനയുള്ള വായ്പകൾ സംസ്ഥാനത്തിന്റെ പൊതു കടത്തിൽ ഉൾപ്പെടുന്നതിനാൽ സംസ്ഥാനത്തിന് കൂടുതൽ വായ്പ എടുക്കുന്നതിനായി അനുമതി നൽകാൻ സാധിക്കില്ലെന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ വ്യക്തമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | KIIFB, KSSPL തുടങ്ങിയ സ്ഥാപനങ്ങൾ മുൻ വർഷങ്ങളിൽ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget borrowing – ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽ നിന്നും കുറയ്ക്കണം എന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്ന് കിട്ടിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച കൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കുകയും ചെയ്തിരുന്നെങ്കിലും നടപ്പ സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്കുള്ള കടമെടുപ്പ് നിശ്ചയിച്ചുകൊണ്ടുള്ള അനുമതി കേന്ദ്ര സർക്കാർ ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. 5000 കോടി രൂപ കടമെടുക്കുന്നതിനുള്ള താല്ക്കാലിക അനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാനത്തിന്റെ Off Budget borrowing – ആയി കണക്കാക്കണം എന്ന കേന്ദ്ര സർക്കാർ നിലപാട് സംസ്ഥാനത്തിന് കടമെടുക്കാവുന്ന തുകയിൽ കുറവ് വരുത്തും. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് സർക്കാർ |

| | | | |
|---|---|---|---|
| | | | പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്. |
| (സി) | ബജറ്റിന് പുറത്തുള്ള കടമെടുക്കലിലൂടെയും തെറ്റായ ധനകാര്യ മാനേജ്മെന്റിലൂടെയും സംസ്ഥാനം എത്തിച്ചേർന്നിരിക്കുന്നതായി പറയപ്പെടുന്ന ഈ പ്രതിസന്ധി ഏത് രീതിയിൽ തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | KIIFB, KSSPL തുടങ്ങിയ സ്ഥാപനങ്ങൾ മുൻ വർഷങ്ങളിൽ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാന സർക്കാരിന്റെ Off Budget borrowing – ആയി കണക്കാക്കി ഈ വർഷത്തെ കടമെടുപ്പിൽ നിന്നും കുറയ്ക്കണം എന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്ന് കിട്ടിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിൽ ഇളവ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച കൊണ്ട് സംസ്ഥാനം കേന്ദ്ര സർക്കാരിനെ സമീപിക്കുകയും ആവശ്യപ്പെട്ട വിശദാംശങ്ങൾ നല്കുകയും ചെയ്തിരുന്നെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യത്തെ 9 മാസത്തേയ്ക്കുള്ള കടമെടുപ്പ് നിശ്ചയിച്ചുകൊണ്ടുള്ള അനുമതി കേന്ദ്ര സർക്കാർ ഇതുവരെയും ലഭ്യമാക്കിയിട്ടില്ല. 5000 കോടി രൂപ കടമെടുക്കുന്നതിനുള്ള താല്കാലിക അനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. KIIFB, KSSPL ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുത്തിട്ടുള്ള വായ്പകൾ സംസ്ഥാനത്തിന്റെ Off Budget borrowing – ആയി കണക്കാക്കണം എന്ന കേന്ദ്ര സർക്കാർ നിലപാട് സംസ്ഥാനത്തിന് കടമെടുക്കാവുന്ന തുകയിൽ കുറവ് വരുത്തും. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. എഫ്.ആർ.ബി.എം ആക്ട് നിഷ്കർഷിച്ചിരിക്കുന്ന രീതിയിലുള്ള ധനവിനിയോഗ മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ അത് സാദ്ധ്യമാക്കുക |

| | | | |
|---|---|---|---|
| | | | എന്നത് അത്ര എളുപ്പമല്ല. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വികസനച്ചെലവുകൾ തടസ്സപ്പെടുത്താതെ നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്. |

സെക്ഷൻ ഓഫീസർ